# മൊബൈലോമാനിയ






ലക്ഷ്യം തെറ്റുകയോ?

# ലക്ഷ്യം തെറ്റുകയോ?

**മൊബൈൽ ഫോൺ**, ജീവിതത്തിലെ അവിഭാജ്യ വസ്തുവായി മാറിയിരിക്കുന്നു. അതില്ലാതെ ജീവിക്കുക, ഏറെക്കുറെ അസാദ്ധ്യമായി തീർന്നിരിക്കുന്നു. നമ്മുടെ സന്തോഷ, സന്താപ സമ്മിശ്രമായ ജിവിതരംഗ ങ്ങൾ പങ്കുവെക്കുന്നൊരു സഖിയാണ് മൊബൈൽ ഫോണുകൾ. മനുഷ്യന്റെ നെടുവീർപ്പിന്റെ ചൂടും, സന്തോഷത്തിന്റെ പ്രസരിപ്പും ഏറ്റവും അടുത്തറിയുന്നത് കവിളിലിരുന്ന് ചെവിയോട് മന്ത്രിക്കുന്ന ആ സുന്ദരി തന്നെ. എന്തുവിലകൊടുത്തും ഏറ്റവും നല്ലതിനെ തന്നെ നാം സ്വന്തമാക്കുന്നു. കൈക്കുമ്പിളിൽ ഒതുങ്ങുന്നതായാലും, കക്ഷത്തിൽ വെക്കുന്നതായാലും നമുക്കത് പ്രിയതരമാണ്. മറന്നുപോയാൽ, അസ്വ സ്ഥമാകുന്ന മനസ്സാണ് നമുക്കുള്ളത്. നിർജ്ജീവ വസ്തുവായാലും നാം അതിനെ ആറാം ഇന്ദ്രിയം പോലെ അത്രമേൽ സ്നേഹിക്കുന്നു.

എന്നാൽ ഫോൺ കേടായാലോ?. അത് നമ്മെ നിരാശരും, ദുഃഖിതരുമാക്കും. നന്നാക്കിയെടുക്കാനുള്ള അവസാനശ്രമവും പരാജയമായാൽ വലിച്ചെറിഞ്ഞ് പുതിയതൊന്ന് സ്വന്തമാക്കുകയല്ലാതെ വേറെ മാർഗ്ഗം ഇല്ലല്ലോ!. അതെ, മൊബൈൽ ഫോണിൽ നിന്നും നാം പ്രതീക്ഷിക്കുന്നത് കുറ്റമറ്റ പ്രവർത്തനമാണ്. നമ്മുടെ ഉദ്ദേശ നിവൃത്തീകരണത്തിനുള്ള ഉപകരണം, അത് നമ്മുടെ ആഗ്രഹപൂർത്തീകരണത്തിന് ഉപയുക്തമാ കണം എന്നതിൽ കുറഞ്ഞതൊന്നും നമ്മെ സംതൃപ്തമാക്കുകയില്ല.

ആകസ്മികമായ ഒരു സ്ഫോടനത്തിന്റെ അനന്തരഫലമായി സങ്കീർണ്ണമായ ഒരു സ്മാർട്ട് ഫോൺ സൃഷ്ടി ക്കപ്പെട്ടു എന്ന് വിശ്വസിക്കുവാൻ തക്കവണ്ണം നാം ആരും വിഡ്ഢികളല്ലല്ലോ!. എന്നാൽ ശാസ്ത്രീയമായി ഇന്നും തെളിയിക്കപ്പെടാത്ത മൂവായിരത്തോളം അനുമാനങ്ങൾ അടങ്ങിയ ചാൾസ് ഡാർവ്വിന്റെ പരിണാമ സിദ്ധാന്തം ഒരു ശാസ്ത്രീയ സത്യമായി സ്കൂൾ തലം മുതൽ നാം കുട്ടികളെ പഠിപ്പിച്ചുവരുന്നു എന്നത് നമുക്ക് ഭോഷത്വമായി തോന്നുന്നതേയില്ല!. ദൈവവിശ്വാസികളായ ഐൻസ്റ്റീൻ മുതലായ അഗ്രഗണ്യരായ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെ തൃണവത്ഗണിച്ചുകൊണ്ട് ഈ പരിണാമ സിദ്ധാന്തത്തെ സാധൂകരി ക്കാൻ ശ്രമിക്കുന്ന മനുഷ്യരുടെ ആഗ്രഹമെന്താണ്?. അത് മറ്റൊന്നുമല്ല, മനുഷ്യന് ഒരു സൃഷ്ടികർത്താ വുണ്ടെങ്കിൽ ആ സൃഷ്ടി കർത്താവിന്റെ ഹിതം മനസ്സിലാക്കി, ആ ദൈവത്തിന്റെ വിധിവിലക്കുകളെ അംഗീ കരിച്ച് ജീവിക്കുക എന്നത് മനുഷ്യന്റെ ഉത്തരവാദിത്വമാണ് എന്ന വസ്തുത നാം അംഗീകരിക്കേണ്ടിവരും.

നിങ്ങളും പലവിധമായ കഴിവുകളും സാദ്ധ്യതകളും നിറഞ്ഞ സങ്കീർണ്ണമായ ഒരു സ്മാർട്ട് ഫോൺ പോലെ വളരെ പ്രത്യേക ലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെട്ടവനാണ്. സൃഷ്ടികർത്താവായ ദൈവത്തിന്റെ ഇഷ്ടം തിരി ച്ചറിയാതെ നമ്മുടെ സ്വന്തം ഇച്ഛക്കനുസാരമായി ജീവിക്കുമ്പോൾ ദൈവത്തെ സംബന്ധിച്ചിടത്തോളം നാം കേടായ ഒരു മൊബൈൽ ഫോണിന് സമാനമാണ്. അങ്ങനെയുള്ള നമ്മെ വലിച്ചെറിഞ്ഞ് കളയാതെ ദൈവം ചെയ്തുകൊണ്ടിരിക്കുന്നത് വ്യക്തമാക്കുന്ന ബൈബിൾ വാക്യം ശ്രദ്ധിക്കുക. -ദൈവം നമ്മിൽ തന്റെ തേജസ്സ് വെളിപ്പെടുത്തുവാനിച്ഛിച്ചിട്ട്, നാശയോഗ്യമായ കോപപാത്രങ്ങളെ ദീർഘക്ഷമയോടെ സഹിച്ചു-. അതെ, നശിപ്പിക്കപ്പെടുവാൻ മാത്രം യോഗ്യതയുള്ള നമ്മെ അങ്ങനെ ചെയ്യാതെ, ദൈവത്തിന്റെ കരുണയും സ്നേഹവും നാം ആസ്വദിക്കുവാൻ വേണ്ടി നമ്മെ നശിപ്പിക്കാതെ ഭൂമിയിൽ ദീർഘക്ഷമയോടെ സഹിച്ചു കൊണ്ടേയിരിക്കുന്നു!.

ദൈവം പറയുന്നു, ലോകമനുഷ്യർ മുഴുവനും ഒരുപോലെ ദൈവ പദ്ധതിയിൽ നിന്നും തെറ്റി, പാപം ചെയ്ത് കേടായി തീർന്നിരിക്കുന്നു. ലോകത്തിൽ ഇന്ന് നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രശ്നത്തിന്റേയും ദുഃഖത്തിന്റേയും കാരണം, നാം ആത്യന്തികമായി കേടായി പോയവരാണ് എന്നതുമാത്രമാണ്. ആദി പാപം മൂലം ലക്ഷ്യം തെറ്റി, ദൈവകോപം പേറുന്ന മനുഷ്യജാതിയുടെ യഥാസ്ഥാപനത്തിനായുള്ള ദൈവീക പദ്ധ

തിയുടെ അനിവാര്യതയാണ് നാം ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ കാണുന്നത്. ദൈവസ്നേഹത്തിന്റേയും, നീതിയുടേയും തുല്യമായ സമന്വയമാണത്. ദൈവത്തോട് കൊടിയ പാപം ചെയ്ത ആദാം മുതലുള്ള മനുഷ്യന്റെ പാപത്തിന് തക്കതായ ശിക്ഷ, മനുഷ്യനായി പാപം ഇല്ലാതെ അവതരിച്ച യേശുക്രിസ്തു ക്രൂശിൽ മനസ്സോടെ ഏറ്റെടുക്കുകയായിരുന്നു. ദൈവ നീതിക്ക് ഭംഗംവരാതെ തന്നെ, പാപിയായ നമ്മെ നശിപ്പിച്ചുകളയാതെ സ്നേഹവാനായ ദൈവം നമ്മോടുള്ള സ്നേഹം പ്രദർശിപ്പിക്കുകയായിരുന്നു.

കാലാതീതനും, സർവ്വജ്ഞാനിയുമായ ദൈവമായ യേശുക്രിസ്തു നിങ്ങളുടെ എല്ലാ ജന്മ കർമ്മ പാപങ്ങൾക്കും തക്കതായ ശിക്ഷ കുരിശിൽ ഏറ്റുവാങ്ങിയതിനാൽ നിങ്ങളുടെ സ്വർഗ്ഗപ്രാപ്തിക്കായും നരകതീപൊയ്കയിൽ നിന്നുള്ള വിടുതലിനുമായിട്ടുള്ളതെല്ലാം സമ്പൂർണ്ണമായി പൂർത്തിയാക്കപ്പെട്ടു. ദൈവത്തിന്റെ ഈ രക്ഷാ പദ്ധതിയിൽ മാത്രം വിശ്വസിച്ച് ആശ്രയിക്കുകയും, ഈ സ്നേഹ സമ്പന്നനായ ദൈവത്തിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കുകയുമാണ് നിങ്ങളുടെ സൃഷ്ടാവായ ദൈവത്തെ പ്രസാദിപ്പിച്ച് ആത്മരക്ഷക്കുള്ള ഒരേയൊരു വഴി. അതി വിശുദ്ധനായ ദൈവത്തെ പ്രസാദിപ്പിക്കുവാൻ അശുദ്ധനായ നിങ്ങളുടെ നീതിപ്രവൃത്തികൾക്കാകില്ല എന്നതിനാൽ, ദൈവം തന്നെ പറയുന്നു നിങ്ങളുടെ നീതിപ്രവൃത്തികൾ കറപുരണ്ട തുണിപോലെ ആയിരിക്കുന്നു എന്ന്.

പ്രിയ സുഹൃത്തേ, ഇത് വായിക്കുകയാൽ നിങ്ങൾ ജീവിതത്തിന്റെ അതിപ്രധാനമായ തീരുമാനത്തിന്റെ മുമ്പിൽ എത്തപ്പെട്ടിരിക്കുകയാണ്. കാരണം നിനക്കുവേണ്ടി മരിക്കുവാനായി മനുഷ്യനായി തീർന്ന യേശുക്രിസ്തുവിന്റെ ശവകുടീരം പാലസ്തീനിൽ ഇന്നും തുറന്നുകിടക്കുന്നു. അവൻ ഇവിടെയില്ല ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന മാലാഖയുടെ ശബ്ദം ചരിത്രത്തിൽ മാറ്റൊലികൊള്ളുന്നു. നീ നിന്റെ മിഴികളടച്ച് ഹൃദയകണ്ണുകൾ തുറക്കുക. ഇതാകുന്നു രക്ഷാ ദിവസം എന്നോർപ്പിച്ചുകൊണ്ട് നിന്റെ മുമ്പിൽ നിൽക്കുന്ന യേശുവിനെ നോക്കി ഞാനും അങ്ങയെ സ്നേഹിക്കുന്നു എന്ന് അന്തരാത്മാവിൽ നിന്നും പറയുമോ?. യേശുവിനെ നിങ്ങളുടെ ജിവിതത്തിന്റെ ഉടമസ്ഥനും, നിയന്ത്രിതാവുമായി സ്വീകരിച്ച് അവനുവേണ്ടി ജീവിക്കുമോ?. അതോ മറിച്ച്, ഈ വായിച്ചതൊക്കേയും മതത്തിന്റെ മനുഷ്യനെ മയക്കുന്ന കറുപ്പിന്റെ പൊടികൈകളാണെന്നുള്ള പിശാചിന്റെ സ്ഥിരം പല്ലവി കേട്ട് സ്നേഹ സമ്പന്നനായ ദൈവത്തെ വിസ്മരിച്ച് ജീവിതയാത്ര തുടരുകയാണോ?.

മഹാദൈവമായ യേശുക്രിസ്തു ഒരു ന്യായവിധിക്കായി ഭൂമിയിലേക്ക് വീണ്ടും വരുവാൻ സമയം അടുത്തിരിക്കുന്നു.താങ്കളും കൂടെ രക്ഷിക്കപ്പെട്ട് നിത്യനരകത്തിൽ വീഴാതെ ദൈവമകനായി തീരണം എന്നുകരുതി ദൈവം തന്റെ ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. ഈ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കാൻ പിശാച് മനുഷ്യ മനസ്സുകൾ അന്ധമാക്കിയിരിക്കുകയാണ്. യേശുവിനെ ജിവിതത്തിൽ യജമാനനും നിയന്ത്രിതാവുമായി സ്വീകരിച്ച് അവന്റെ കല്പനകൾ അംഗീകരിച്ച് ദൈവമകനായി തീരുവാനുള്ള ഹൃദയംഗമായ തീരുമാനവും, വായ്കൊണ്ടുള്ള ഏറ്റുപറച്ചിലും മനുഷ്യ ജീവിതത്തിലെ ഏറ്റവും വലിയ തെരഞ്ഞെടുപ്പാണ്. കാരണം അതിൽ കൂടെയാണ് ഒരു മനുഷ്യൻ വീണ്ടും ജനനത്താൽ പുതുസൃഷ്ടിയായി തീരുന്നത്. അങ്ങനെ വീണ്ടും ജനിച്ചവർക്കുമാത്രമേ സ്വർഗ്ഗപ്രവേശനം സാദ്ധ്യമാകൂ.

ആ തീരുമാനം എടുക്കുവാൻ ദൈവം എന്റെ പ്രീയ സുഹൃത്തിന് സ്നേഹത്തോടെ നൽകുന്ന ഈ അവസരം നഷ്ടമാക്കരുതേ എന്നപേക്ഷിക്കുന്നു.

“കൃപയാലത്രേ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്, അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിക്കാൻ പ്രവർത്തികളും കാരണമല്ല”.

# ലക്ഷ്യം തെറ്റുകയോ?

## ചില യാഥാർത്ഥ്യങ്ങൾ

**ബൈബിൾ ദൈവ വചനം:**

പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്.
2 പത്രോസ് 1.20,21 1 തിമോഥിയോസ് 3.16

**എല്ലാവരും പാപികൾ:**

എല്ലാവരും പാപം ചെയ്ത് ദൈവ മഹത്വത്തിന് അയോഗ്യരായി.
റോമർ 3.23, 5.12

**പുണ്യപ്രവൃത്തികൾ ദൈവസന്നിധിയിൽ രക്ഷക്ക് സ്വീകാര്യമല്ല:**

നിയമം അനുഷ്ഠിക്കുന്നതുകൊണ്ട്, ഒരുവനും അവിടുത്തെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല.
റോമർ 3.20, 8.8

**യേശുക്രിസ്തുവിന്റെ പാപ പരിഹാര മരണം:**

മനുഷ്യൻ നിത്യ രക്ഷ പ്രാപിക്കുവാൻ നമ്മുടെ പാപങ്ങൾക്കായുള്ള പ്രായശ്ചിത്ത മരണം.
യെശയ്യാവ് 53.6,7 എബ്രായർ 9.12, 28 1പത്രോസ് 1.18,19

**നരകത്തിൽ നിന്നുള്ള രക്ഷ ദൈവദാനം:**

ദൈവകൃപായാൽ യേശുക്രിസ്തുവഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നാം നീതീകരിക്കപ്പെടുന്നു.
റോമർ 3.24,25 5.8,9 ഗലാത്യർ 2.13, എഫേസ്യർ 2.8,9

**രക്ഷ വിശ്വാസത്താൽ:**

അവനിൽ വിശ്വസിക്കുന്ന എല്ലാവരും, അവന്റെ നാമം വഴി പാപമോചനം നേടും.
അപ്പോ. പ്രവൃത്തി 10.43, 4.12

**യേശുക്രിസ്തു ആര് :**

ദൈവമായിരുന്നെങ്കിലും, തന്നെത്താൻ ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യസാദൃശ്യത്തിലായി.
ഫിലിപ്പർ 2.6,7 യോഹന്നാൻ 1.29 കൊലോസ്യർ 1.14,15

**യേശുവിന്റെ മരണം എന്തിന് :**

പിശാചിനെ തന്റെ മരണത്താൽ തോൽപ്പിച്ച്, മനുഷ്യരെ രക്ഷിക്കുന്നതിന് വേണ്ടിയായിരുന്നു.
എബ്രായർ 2.14,15, അപ്പോ. പ്രവൃത്തി 3.18 എശയ്യാവ് 53.10 പ്രവൃത്തി 2.23

**രക്ഷിക്കപ്പെടുവാൻ എന്ത് ചെയ്യണം:**

യേശുവിനെ കർത്താവാണ് എന്ന് വിശ്വസിക്കുകയും, ഏറ്റുപറയുകയും ചെയ്താൽ രക്ഷ പ്രാപിക്കാം.
റോമർ 4.5, 10.9, വെളിപ്പാട് 3.20

**രക്ഷ അഗണ്യമാക്കരുത് :**

ഇത്ര മഹത്തായ രക്ഷയെ അവഗണിച്ചാൽ എങ്ങനെ നാം ശിക്ഷയിൽ നിന്ന് ഒഴിവാക്കപ്പെടും.
എബ്രായർ 2.3 10.28,29 യോഹന്നാൻ 12.48

**രക്ഷിക്കപ്പെട്ടവർ എന്ത് ചെയ്യണം:**

അപ്പോസ്തല പ്രവൃത്തി 2.41, 42

1) രക്ഷിക്കപ്പെട്ടവർ സ്നാനം ഏറ്റു.
2) രക്ഷിക്കപ്പെട്ടവർ അപ്പോസ്തലന്മാരോടു ചേർന്നു
3) രക്ഷിക്കപ്പെട്ടവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടു
4) രക്ഷിക്കപ്പെട്ടവർ കൂട്ടായ്മ ആചരിച്ചു
5) രക്ഷിക്കപ്പെട്ടവർ അപ്പം നുറുക്കി
6) രക്ഷിക്കപ്പെട്ടവർ പ്രാർത്ഥന കഴിച്ചു.

gladsonparayil@gmail.com

Tetelestai Publications